**ഇലക്ഷൻ അടിയന്തിരം**

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം- 695033

## സർക്കുലർ

നമ്പർ : ബി1/33870/ 2020/സം.തി.ക. 　　　　തീയതി : 22 .12.2020

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2020 - ഡിസംബർ 8, 10, 14 തീയതികളിൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിനെ തുടർന്ന് അംഗങ്ങളുടെ/ കൗൺസിലർമാരുടെ സത്യപ്രതിജ്ഞ/ ദൃഢ പ്രതിജ്ഞ- അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. കമ്മീഷന്റെ 13/12/2020, 18/12/20 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

2. സർക്കാരിന്റെ 22/12/2020 ലെ ഇ.എം 3210/2020/തസ്വഭവ നമ്പർ സർക്കുലർ .

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ / കൗൺസിലർമാർ 21/12/2020 ൽ സത്യപ്രതിജ്ഞ/ ദൃഢ പ്രതിജ്ഞ ചെയ്യുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സൂചന 1 പ്രകാരം കമ്മീഷൻ പുറപ്പെടുവിച്ചിരുന്നു. 2020 ഡിസംബർ 21 ന് സത്യപ്രതിജ്ഞയോ /ദൃഢപ്രതിജ്ഞയോ ചെയ്യാൻ കഴിയാത്ത അംഗങ്ങൾ /കൗൺസിലർമാർ 2020 ഡിസംബർ 26 -ാം തീയതി പ്രായംകൂടിയ അംഗത്തിന് മുമ്പാകെ സത്യപ്രതിജ്ഞയോ/ദൃഢപ്രതിജ്ഞയോ ചെയ്ത് അധികാരമേൽക്കേണ്ടതാണെന്ന് സൂചന 2 ലെ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ /കൗൺസിലർമാരിൽ 2020 ഡിസംബർ 21 ന് സത്യപ്രതിജ്ഞയോ/ദൃഢപ്രതിജ്ഞയോ ചെയ്യാൻ കഴിയാത്തവർക്ക് 2020 ഡിസംബർ 26 – ാം തീയതി രാവിലെ 10.00 മണിക്ക് മുതിർന്ന അംഗത്തിന് മുമ്പാകെ സത്യപ്രതിജ്ഞയോ/ദൃഢപ്രതിജ്ഞയോ ചെയ്യുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ബന്ധപ്പെട്ട വരണാധികാരികളും തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറിമാരും നടപടികൾ സ്വീകരിക്കേണ്ടതാണ്.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർക്കും
എല്ലാ വരണാധികാരികൾക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും

പകർപ്പ്:-

എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
പബ്ലിക്ക് റിലേഷൻസ് ഓഫീസർ
ലാ ഓഫീസർ
കമ്പ്യൂട്ടർ പ്രോഗ്രാമർ
കമ്മീഷണറുടെ സി.എ/സെക്രട്ടറിയുടെ സി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ